PRESS RELEASE

## പ്രത്യേക വെണ്ടർ ഡവലപ്മെന്റ് പരിപാടി സംഘടിപ്പിച്ചു.

പട്ടികജാതി/ പട്ടിക വർഗ്ഗ വിഭാഗങ്ങളിൽ ഉൾപ്പെടുന്നു ചെറുകിട- ഇടത്തരം സംരംഭകർക്കായി കൊച്ചിയിൽ പ്രത്യേക പരിശീലന പരിപാടി സംഘടിപ്പിച്ചു. കേന്ദ്ര പൊതുമേഖല സ്ഥാപങ്ങളിൽ ചെറുകിട സംരംഭകർക്ക് ലഭ്യമാകുന്ന ബിസിനസ് അവസരങ്ങളെക്കുറിച്ചും , ആനുകൂല്യങ്ങളെ സംബന്ധിച്ചും വിശദീകരിക്കുന്നതിനായിട്ടാണ് വെണ്ടർ ഡെവലപ്മെന്റ് പരിപാടി സംഘടിപ്പിച്ചത്. പട്ടികജാതി- പട്ടിക വർഗ്ഗ വിഭാഗങ്ങളിൽ ഉൾപ്പെടുന്ന സംരംഭകർക്കായി കേന്ദ്ര സർക്കാർ നടപ്പിലാക്കിയ വിവിധ പദ്ധതികളെ പറ്റി പൊതു ധാരണ സൃഷ്ടിക്കുന്നതിനായി കൊച്ചിൻ ഷിപ് യാർഡിന്റെയും, ദളിത് ചേമ്പർ ഓഫ് കൊമേഴ്സിന്റെയും സംയുക്ത ആഭിമുഖ്യത്തിൽ പട്ടിക ജാതി - പട്ടിക വർഗ്ഗ ചെറുകിട സംരംഭങ്ങൾക്കായുള്ള പ്രത്യേക വെണ്ടർ ഡവലപ്മെന്റ് പരിപാടി 2023 ഡിസംബർ 7 ന് എറണാകുളം ഭാരത് ടൂറിസ്റ്റ് ഹോമിൽ വച്ച് നടന്നു. കേരളത്തിന്റെ വിവിധ മേഘലകളിൽ നിന്നുള്ള മുന്നൂറോളം ദളിത് സംരംഭകർ ഈ പ്രത്യേക പരിശീലന പരിപാടിയിൽ പങ്കാളികളായി. കൊച്ചി കപ്പൽശാല ഡയറക്ടർ ( ഓപറേഷൻ) ശ്രീ. ശ്രീജിത്ത് കെ എൻ പരിപാടിയിൽ മുഖ്യാഥിതി ആയിരുന്നു.

കൊച്ചി കപ്പൽശാലയെ പ്രതിനിധീകരിച്ച് ശ്രീ. ശിവകുമാർ .എ (ജനറൽ മാനേജർ, മെറ്റീരിയൽസ് ), ശ്രീ. ശ്രീകുമാർ രാജ .സി .എ ( ഡപ്യൂട്ടി ജനറൽ മാനേജർ), ശ്രീ. നാഗേഷ് കൃഷ്ണമൂർത്തി ( ഡപ്യൂട്ടി ജനറൽ മാനേജർ), ശ്രീമതി. സീന. എം.എസ് ( അസി. ജനറൽ മാനേജർ) എന്നിവരും ദളിത് ഇന്ത്യൻ ചേമ്പർ ഓഫ് കൊമേഴ്സിനെ പ്രതിനിധികരിച്ച് പത്മശ്രീ രവികുമാർ നറാ (ദേശീയ പ്രസിഡന്റ്), ഡോ. രാജു നായ്ക്ക്( ദേശീയ ഉപാദ്ധ്യക്ഷൻ), ശ്രീ. സുരേഷ് ബാബു. എൻ.വി ( മെൻറർ ഡിക്കി / റിട്ട. ഡയറക്ടർ കൊച്ചിൻ ഷിപ് യാർഡ് ) , ശ്രീ. സുധീർ .പി.കെ ( ഉപാദ്ധ്യക്ഷൻ - സൗത്ത് ഇന്ത്യാ ) എന്നിവരും പങ്കെടുത്തു. ജി.എസ്.ടി വകുപ്പിനെ പ്രതിനിധീകരിച്ച് ശ്രീ ടി.പി. സലിം കുമാർ, ഐ.ആർ.എസ് ( ഡെ. കമ്മീഷണർ, സെൻട്രൽ ടാക്സ്, ജി.എസ്.ടി) ദളിത് സംരംഭകർക്കായി പ്രത്യേക ക്ലാസ്സും എടുത്തു.

കേന്ദ്ര സർക്കാരിന്റെ ദളിത് ചെറുകി സംരംഭകർക്കായുള്ള വിവിധ ക്ഷേമപദ്ധതികളും, ടെൻഡർ സമർപ്പിക്കുമ്പോൾ ലഭ്യമാകുന്ന പ്രത്യേക ആനുകൂല്യങ്ങളെ പറ്റിയും ചടങ്ങിൽ വിശദീകരിക്കുകയും, സംരംഭകർ കൊച്ചി കപ്പൽശാലയിലെ ഉദ്യോഗസ്ഥരുമായി സംവദിക്കുകയും ചെയ്തു.

Official Spokesperson
Cochin Shipyard Limited

XXXXXXXXXXXXXXXXXXXXXXXXXXXXXXXXXXXXXX

DICCI

**Cochin Shipyard Limited Vendor Development Program**
BHARAT HOTEL BTH, Ernakulam
7th December 2023

0930 - 1000 Registration
1000 - 1015 Welcome address
Sri Sivakumar A, General Manager (Materials), CSL
1015 - 1025 **Chief Guest Shri. Sreejith KN, Director- Operations, CSL**
Felicitation
1025 - 1035 **Padmasree Ravikumar Narra, National President, DICCI**
1035 - 1045 Dr. Raja Nayak, National Vice President, DICCI
1045-1050 ~~Sri. Nalla Soundrajan, President South India, DICCI~~

1050 - 1105 Tea break

1105 - 1230 Presentation on "CSL Material Requirements & Business opportunities for potential suppliers"by Ms. Seena M.S
Assistant General Manager (Materials), CSL

1230 - 1315 Interactive session

1315 Vote of Thanks
Sri. Sudheer PK, Vice President South India, DICCI

Followed by lunch

Free Registration Name And Address : +91 9995111022